# Malayala Manorama

# 20 August 2018

# Kochi, Flood, Relief Camps

## ജില്ലയിലെ ഏറ്റവും വലിയ ദുരിതാശ്വാസ ക്യാംപിൽ മൂവായിരം പേർ

കൊച്ചി • പ്രളയത്തിൽ നിന്നു രക്ഷപ്പെടാൻ കയ്യിൽ കിട്ടിയതെല്ലാം പെറുക്കിക്കൂട്ടി ഇറങ്ങിയവർ, അവർ കൊണ്ടുവന്ന ആടുമാടുകളും വീട്ടു സാധനങ്ങളും, ഉറ്റവരെ കാണാതെ ഇപ്പോഴും നിലവിളിക്കുന്നവർ, ഇനിയെന്തെന്നറിയാതെ പകച്ചു നിൽക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾ... ജില്ലയിലെ ഏറ്റവും വലിയ ദുരിതാശ്വാസ ക്യാംപായ ആലുവ യുസി കോളജിലെ കാഴ്ചകളാണിത്. പ്രളയം വിതച്ച കെടുതിയുടെ നേർക്കാഴ്ച ഇവിടെ തെളിയുന്നു. ഒപ്പം ഇവിടെയെത്തുന്ന ദുരിതബാധിതരെ രാപകലില്ലാതെ പരിചരിക്കുന്ന ഒരു കൂട്ടം യുവാക്കളും അധ്യാപകരും പ്രളയത്തിൽ നിന്നു കരകയറുന്ന നാടിന്റെ ഒത്തൊരുമയുടെ പ്രതീകങ്ങളായി മാറുന്നു.

പ്രളയം നാശം വിതച്ചു തുടങ്ങിയ 15നു വൈകിട്ടാണ് യുസി കോളജിൽ ക്യാംപ് ആരംഭിച്ചത്. അന്നു രാത്രിയോടെ നാനൂറോളം ആളുകൾ ക്യാംപിലെത്തി. കുറച്ച് അധ്യാപകരും ഹോസ്റ്റലിൽ താമസിക്കുന്ന കോളജ് വിദ്യാർഥികളും ആരോഗ്യവകുപ്പു പ്രവർത്തകരും ക്യാംപിലുണ്ടായിരുന്നു. അന്നു രാത്രി കാര്യങ്ങൾ ഭംഗിയായി മുന്നോട്ടു പോയി. എന്നാൽ, പിറ്റേന്ന് എല്ലാം തകിടം മറിഞ്ഞു. പറവൂർ താലൂക്കിലെ ചെങ്ങമനാട്, ആലങ്ങാട് പ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്ന ക്യാംപുകളിലും വെള്ളം കയറിയതോടെ ആളുകൾ കൂട്ടത്തോടെ യുസി കോളജിലേക്ക് ഒഴുകി. അതിനിടെ ആലുവ ടൗണിൽ വെള്ളം കയറിയതോടെ കോളജ് ഒറ്റപ്പെട്ടു. രണ്ടാം ദിവസം രാത്രി ആറായിരത്തോളം ആളുകൾ പറവൂരിന്റെ വിവിധ പ്രദേശങ്ങളിൽനിന്നു ക്യാംപിലെത്തി. പലരും തങ്ങളുടെ ആടുകളെയും കോഴികളെയും പട്ടികളെയും കൂടെക്കൂട്ടി. ഇത്രയും ആളുകളെ നോക്കാൻ അൻപതിൽ താഴെ മാത്രം വൊളന്റിയർമാരും പത്തോളം അധ്യാപകരും വിരലിലെണ്ണാവുന്ന ആരോഗ്യപ്രവർത്തകരും മാത്രം. വീടുകളിൽനിന്നു രോഗാവസ്ഥയിലെത്തിച്ച ആളുകളും അക്കൂട്ടത്തിലുണ്ടായിരുന്നു. ഭക്ഷണം പോലും എല്ലാവർക്കും തികയുന്നില്ല. ഇത്രയും ആളുകളെ എന്തു ചെയ്യുമെന്നറിയാതെ ആശങ്കപ്പെട്ടെന്ന് ഹെൽത്ത് ഇൻസ്പെക്ടർ സിറാജ് പറയുന്നു.

അങ്കമാലി താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. നസീമ നജീബ്, ഭർത്താവ് ഡോ. നജീബ്, ഡോ. തോമസ് എന്നിവർ ക്യാംപിലുണ്ടായിരുന്നു. ഡോക്ടർമാരുടെയും വൊളന്റിയർമാരുടെയും വിശ്രമമില്ലാത്ത പരിശ്രമത്തിന്റെ ഭാഗമായി ക്യാംപിൽ കുഴപ്പങ്ങളൊന്നുമുണ്ടായില്ല. 18നു ചുറ്റുമുള്ള റോഡുകളിൽ വെള്ളമിറങ്ങിത്തുടങ്ങിയതോടെ ക്യാംപിലേക്കു സഹായങ്ങളെത്തിത്തുടങ്ങി. ഭക്ഷണവും വസ്ത്രങ്ങളും എത്താൻ ആരംഭിച്ചു. മറ്റു സ്ഥലങ്ങളിൽ നിന്നു കൂടുതൽ വൊളന്റിയേഴ്സും എത്തി. സിനിമാ താരങ്ങളുൾപ്പെടെയുള്ളവർ സഹായാഭ്യർഥനകളുമായി സമൂഹ മാധ്യമങ്ങളിൽ പോസ്റ്റുകളിട്ടതോടെ നാനാ ഭാഗങ്ങളിൽനിന്ന് ഇപ്പോഴും സഹായങ്ങൾ പ്രവഹിക്കുന്നു. ആവശ്യത്തിനു മരുന്നുകളും മെഡിക്കൽ സംഘവും ഇപ്പോൾ ക്യാംപിലുണ്ട്.

കോളജ് ഓഡിറ്റോറിയം, ഓഫിസ് ബ്ലോക്ക് എന്നിങ്ങനെ രണ്ടിടങ്ങൾ കേന്ദ്രീകരിച്ചാണു ക്യാംപ് പ്രവർത്തിക്കുന്നത്. എല്ലാ ക്ലാസ് മുറികളിലും ആളുകളെ താമസിപ്പിച്ചിട്ടുണ്ട്. വെള്ളം ഇറങ്ങിത്തുടങ്ങിയതോടെ ആളുകൾ ക്യാംപിൽനിന്നു തിരികെപ്പോകാനാരംഭിച്ചു. നിലവിൽ മൂവായിരത്തോളം ആളുകളുണ്ടു ക്യാംപിൽ. ഇതരസംസ്ഥാനത്തൊഴിലാളികൾ ക്യാംപിൽ തന്നെ കഴിയുന്നു. പറവൂർ താലൂക്കിലെ പ്രദേശങ്ങളിൽ പൂർണമായി വെള്ളം ഇറങ്ങിയാൽ മാത്രമേ ക്യാംപിൽനിന്നു പൂർണമായി ആളുകൾ ഒഴിയൂ.

